# ശബരിമല വാർത്താക്കുറിപ്പ്
# 23.12.2024

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## ഏഴുലക്ഷത്തിലേറെപ്പേരെ ഊട്ടി സന്നിധാനത്തെ അന്നദാനമണ്ഡപം

**ം അന്നദാനത്തിനു സംഭാവനയായി ലഭിച്ചത് 2.18 കോടി രൂപ**
**ം ഡിസംബർ 22 വരെയുള്ള കണക്കനുസരിച്ച് 7,07,675 പേർക്ക് അന്നദാനം നടത്തി**
**ം മൂന്നുനേരമായി ദിവസവും ഇരുപതിനായിരത്തിലേറെപ്പേർക്ക് ഭക്ഷണം**

മണ്ഡല മഹോത്സവത്തിനു സമാപനം കുറിക്കാൻ മൂന്നുനാൾ ബാക്കി നിൽക്കേ ഏഴുലക്ഷത്തിലേറെപ്പേർക്ക് അന്നമേകിയതിന്റെ ചാരിതാർഥ്യത്തിൽ ദേവസ്വം ബോർഡിന്റെ സന്നിധാനത്തെ അന്നദാനമണ്ഡപം. ശബരീശ സന്നിധിയിലെ അന്നദാനത്തിന് ലോകമെമ്പാടുമുള്ള ഭക്തരിൽനിന്ന് ഇക്കുറി ഓൺലൈനായി ലഭിച്ച സംഭാവന 2.18 കോടി രൂപയാണെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് അറിയിച്ചു.

ഡിസംബർ 22 വരെയുള്ള കണക്കനുസരിച്ച് 7,07,675 ഭക്തർക്കാണ് ഈ തീർഥാടനകാലത്ത് സന്നിധാനത്തെ അന്നാദനമണ്ഡപത്തിൽ സൗജന്യഭക്ഷണമേകിയത്. കഴിഞ്ഞവർഷം ഡിസംബർ 22 വരെ ആറരലക്ഷത്തിലേറെപ്പേർക്കാണ് അന്നദാനം നടത്തിയത്. കഴിഞ്ഞസീസണിനെ അപേക്ഷിച്ചു അഞ്ചുലക്ഷത്തോളം തീർഥാടകർ കൂടുതലായി എത്തിയ ഈ മണ്ഡലകാലത്ത് അൻപതിനായിരം പേർക്കു കൂടുതൽ ഭക്ഷണം നൽകാനായതിന്റെ ചാരിതാർഥ്യത്തിലാണ് ദേവസ്വം ബോർഡ്.

എത്ര അയ്യപ്പഭക്തർ വന്നാലും അവർക്കെല്ലാം സൗജന്യമായി ഭക്ഷണമൊരുക്കാനുള്ള സംവിധാനം ദേവസ്വം ബോർഡ് ഒരുക്കിയിട്ടുണ്ടെന്ന് പ്രസിഡന്റ് പി.എസ്. പ്രശാന്ത് പറഞ്ഞു. മാളികപ്പുറം ക്ഷേത്രത്തിനു സമീപമാണ് ആധുനികരീതിയിൽ പണികഴിപ്പിച്ച ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപം. 2000

പേർക്ക് ഒരുമിച്ചു ഭക്ഷണം കഴിക്കാനുള്ള ഇരിപ്പിടമുണ്ടെങ്കിലും വൃത്തിയാക്കലും മറ്റുസൗകര്യങ്ങളും പരിഗണിച്ച് പകുതിയോളം പേർക്കാണ് ഒരുമിച്ച് ഭക്ഷണം നൽകുന്നത്.
 രാവിലെ ആറരമണി മുതൽ ഉച്ചയ്ക്ക് 11.30 വരെ പ്രഭാതഭക്ഷണവും, ഉച്ചയ്ക്കു 12 മണി മുതൽ 3.30 വരെ ഉച്ചഭക്ഷണവും വൈകിട്ട് 6.30 മുതൽ രാത്രി 12.00 മണിവരെ രാത്രിഭക്ഷണവും വിതരണം ചെയ്യും.

ഭക്ഷണത്തിന്റെ ലഭ്യത അനുസരിച്ച് ചിലപ്പോൾ ഉച്ചഭക്ഷണം വൈകിട്ടു നാലരവരെയും അത്താഴം രാത്രി ഒരുമണിവരെയും നീളാറുണ്ടെന്ന് അന്നദാനം സ്പെഷൽ ഓഫീസർ ബി. ദിലീപ്കുമാർ പറഞ്ഞു. പ്രഭാതഭക്ഷണമായി ഉപ്പുമാവ്, കടലക്കറി, ചുക്കുകാപ്പി, ചുക്കുവെള്ളം, ഉച്ചഭക്ഷണമായി പുലാവ്, കറി, അച്ചാർ, ചുക്കുവെള്ളം, രാത്രിഭക്ഷണമായി കഞ്ഞി, അസ്ത്രം, അച്ചാർ എന്നിവയുമാണ് നൽകുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കൂടുതലായി അയ്യപ്പഭക്തരെത്തുന്ന സാഹചര്യത്തിൽ ഈ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ അടക്കമുള്ളവരുമായി ചർച്ച ചെയ്താണ് ഈ ഭക്ഷണരീതി നിശ്ചയിച്ചിട്ടുള്ളത്.

ദിവസവും ഇരുപതിനായിരത്തിനും ഇരുപത്തിഅയ്യായിരത്തിനും ഇടയിലാളുകൾ അന്നദാനമണ്ഡപിലെത്തി ഭക്ഷണം കഴിച്ചുപോകുന്നുണ്ടെങ്കിലും സമ്പൂർണശുചിത്വവും വൃത്തിയും പാലിക്കുന്നതിന് ദേവസ്വം ബോർഡും ജീവനക്കാരും നിഷ്കർഷത പുലർത്തുന്നുണ്ട്. മൂന്നുഷിഫ്റ്റുകളിലായി താൽക്കാലിക ജീവനക്കാരുൾപ്പെടെ മൂന്നുറു പേരാണു ജോലിചെയ്യുന്നത്. ഓരോ നേരത്തെയും ഭക്ഷണത്തിന്റെ ഇടവേളകളിൽ ഊൺമേശ നീക്കിയശേഷം ഫ്്ളോർ ക്ലീനർ യന്ത്രമുപയോഗിച്ചാണ് തറ വൃത്തിയാക്കുന്നത്. ഭക്ഷണം കഴിക്കുന്നവർ തന്നെ പാത്രം വൃത്തിയാക്കുന്നതിനു പുറമേ ഇലക്ട്രിക് ഡിഷ് വാഷർ ഉപയോഗിച്ച് വീണ്ടും വൃത്തിയാക്കി ശുചിത്വം ഉറപ്പുവരുത്തുന്നുണ്ട്.

## അന്നദാനമണ്ഡപത്തിന് അഴകായി മനുവിന്റെ അയ്യപ്പചിത്രങ്ങൾ

ശബരിമല: പതിനായിരങ്ങളുടെ വിശപ്പകറ്റുന്ന സന്നിധാനത്തെ അന്നദാനമണ്ഡപത്തിന് അഴകേറ്റി അയ്യപ്പചിത്രങ്ങൾ. മണ്ഡലകാലം ആരംഭിച്ചപ്പോൾ മുതൽ കൊട്ടാരക്കര ചേകം സ്വദേശിയായ മനു വരച്ചുതുടങ്ങിയ അയ്യപ്പചിത്രങ്ങൾ അന്നദാനമണ്ഡപത്തിന്റെ ചുവരുകളിൽ നിറങ്ങൾ ചാലിച്ചു നിറഞ്ഞു നിൽക്കുകയാണ്. ഭിന്നശേഷിക്കാരനായ മനു തന്റെ പരിമിതികളെ ഛായം പൂശിയ ബ്രഷിൽ തൂത്തെറിഞ്ഞാണ് ചിത്രങ്ങൾ അയ്യപ്പനു സമർപ്പിക്കുന്നത്. 30 അടി നീളത്തിലും 20 അടി വീതിയിലും പൂർത്തിയാക്കിയ സന്നിധാനത്തിന്റെ പശ്ചാത്തലത്തിലുള്ള അയ്യപ്പവിഗ്രഹത്തിന്റെ കൂറ്റൻ ചിത്രം ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് ഇന്നലെ (ഡിസംബർ 23) അനാവരണം ചെയ്തു.

ദിവസം ഒരു ചിത്രം എന്ന നിലയിലാണ് വരയ്ക്കുന്നതെങ്കിലും ഒരാഴ്ച എടുത്താണ് രണ്ടുനിലകെട്ടിടത്തേക്കാൾ ഉയരമുള്ള ഈ ചിത്രം പൂർത്തിയാക്കിയത്. ഇതേവലുപ്പത്തിൽ പുലിവാഹനമേറിയ അയ്യപ്പന്റെ മറ്റൊരു ചിത്രം അന്നദാനമണ്ഡത്തിന്റെ വലത്തേയറ്റത്തെ ചുമരിലും മനു വരച്ചുപൂർത്തിയാക്കി. അയ്യപ്പചരിതം ചിത്രങ്ങളിലൂടെ പറയുന്നതിനാണ് മനു സന്നിധാനത്തെത്തിയത്. 14 ചിത്രങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. രണ്ടു വലിയ ചിത്രങ്ങളടക്കം ഒൻപതെണ്ണം പൂർത്തിയാക്കി. ബാക്കിയുള്ളവ രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കും. ജന്മനാ വലത്തേകൈയുടെ മുട്ടിനു താഴോട്ടില്ലാത്ത മനു ഇടംകൈകൊണ്ടാണ് വരയ്ക്കുന്നത്.

വലംകൈയുടെ ശേഷിക്കുന്ന ഭാഗം കഴിഞ്ഞവർഷം ജോലിക്കിടെ ഉണ്ടായ അപകടത്തിൽപ്പെട്ട് ഒടിഞ്ഞ് ഉള്ളിൽ കമ്പിയിട്ടിരിക്കുകയാണ്. കാലിനും ജന്മനാ സ്വാധീനക്കുറവാണ്. ഈ പരിമിതികളെ അതിജീവിച്ചാണ് വലിയ ഉയരത്തിൽ കയറി കൂറ്റൻ ചിത്രങ്ങൾ വരയ്ക്കുന്നത്.

സന്നിധാനത്തെ കനത്തവെയിൽ കാരണം രാത്രിയിലാണ് ചിത്രം വരയ്ക്കൽ. മാളികപ്പുറത്തും, ദേവസ്വം ഓഫീസിലും സന്നിധാനത്തും ചിത്രങ്ങൾ വരയ്ക്കണമെന്നു ദേവസ്വം ബോർഡ്

പ്രസിഡന്റ് അടക്കമുള്ളവർ ആവശ്യപ്പെട്ടിട്ടുണ്ട്. നാൽപതു വയസായ മനു ജീവിതത്തിലാദ്യമായാണ് ശബരിമല കയറിയെത്തുന്നത്. എത്രയോ വലിയ കലാകാരന്മാർ ഉണ്ടായിട്ടും തനിക്കു മാത്രമാണ് ഈ ഭാഗ്യം ലഭിച്ചതെന്നും കടുത്ത സാമ്പത്തികപ്രയാസത്തിൽ ജീവിക്കുന്ന തനിക്ക് അയ്യപ്പൻ തുണ കാട്ടുമെന്നും മനു പറയുന്നു.

ഭാര്യയും രണ്ടു മക്കളും ഉള്ള മനു വാഹനങ്ങൾക്ക് പെയിന്റിങ്ങ് പണി എടുത്താണ് ജീവിച്ചിരുന്നത്. നമ്പർ പ്ളേറ്റുകൾ സംബന്ധിച്ചുള്ള നയം മാറിയതോടെ ജീവിതം പ്രതിസന്ധിയിലായി. പിന്നീട് റബർ ടാപ്പിങ് അടക്കമുള്ള പണികൾ പോയി. പിടവൂർ, മഹാവിഷ്ണുക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, പന്തളം കൊട്ടാരം എന്നിവിടങ്ങളിലെല്ലാം മനു ഇത്തരം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. മനുവിന്റെ ചിത്രങ്ങളെക്കുറിച്ചറിഞ്ഞ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്താണ് ഇക്കുറി ശബരിമലയിലേക്ക് ക്ഷണിക്കുന്നത്.

## പന്നിശല്യം നേരിടാൻ നടപടികൾ ഊർജിതമാക്കാൻ നിർദേശം

ശബരിമല: സന്നിധാനത്തിന്റെ പരിസരത്തുള്ള പന്നിശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കണമെന്നു സന്നിധാനം സ്പെഷൽ ഓഫീസർ ബി. കൃഷ്ണകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുകളുടെ ഉന്നതതല അവലോകനയോഗത്തിൽ വനം വകുപ്പിന് നിർദേശം. കാട്ടുപന്നികൾ അയ്യപ്പഭക്തർക്കു ശല്യം സൃഷ്ടിക്കുന്നതായി പരാതി ഉയർന്ന സ്ഥലങ്ങളിൽ വൈകിട്ട് ആറുമണിമുതൽ രണ്ടു യൂണിറ്റ് പട്രോളിങ് സംഘത്തെ നിയോഗിച്ചതായി യോഗത്തിൽ പങ്കെടുത്ത വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. വിരിവയ്ക്കുന്ന സ്ഥലങ്ങളിൽ അയ്യപ്പന്മാർക്ക് മാർഗനിർദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. തങ്കഅങ്കി ഘോഷയാത്ര, മണ്ഡലപൂജ എന്നിവയോടനുബന്ധിച്ചുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും സ്പെഷൽ ഓഫീസർ ബി. കൃഷ്ണകുമാർ യോഗത്തിൽ അറിയിച്ചു. സന്നിധാനത്തെ അടിപ്പാതയിലെ അറ്റകുറ്റപ്പണികൾ നട

അടച്ചാലുടൻ വേഗത്തിൽ പൂർത്തിയാക്കുമെന്ന് ദേവസ്വം മരാമത്ത് യോഗത്തിൽ അറിയിച്ചു. ചന്ദ്രാനന്ദൻ റോഡിൽ അപകടകരമായ രീതിയിൽ മരക്കമ്പ് ഉണങ്ങിനിൽക്കുന്നത് നീക്കം ചെയ്യാൻ വനം, അഗ്നിരക്ഷാ വകുപ്പുകൾക്കു നിർദേശം നൽകി. ഭസ്മക്കുളത്തിന്റെ ക്ളോറിനേഷൻ നടപടികൾ ശക്തമാക്കിയതായി പരിസ്ഥിതി എൻജിനീയർ അറിയിച്ചു. ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ബി. മുരാരി ബാബു, ദേവസ്വം വിജിലൻസ് എസ്.പി: വി. സുനിൽകുമാർ, സന്നിധാനം എ.എസ്.ഒ. സതീഷ് കുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് എൻ. ബാലസുബ്രഹ്മണ്യൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.